**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1541 — 4.12.2015-ൽ മറുപടിയ്ക്ക്

**<u>മുശാരികോവിൽ-ശിൽപ്പ പൈതൃക ഗ്രാമം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ റ്റി വി രാജേഷ് | കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) കണ്ണൂർ ജില്ലയിലെ കഞ്ഞിമംഗലം മുശാരികോവിൽ വെങ്കല ശിൽപ നിർമ്മാണവുമായി ബന്ധപ്പെടുത്തി ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനായി കേരള ലളിതകലാ അക്കാദമി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ? | (എ) സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലുമുള്ള ശിൽപികളെ പങ്കെടുപ്പിച്ചുകൊണ്ട് മുശാരികോവിലിൽ വച്ച് "വെങ്കല പൈതൃകം" എന്ന നാമധേയത്തിൽ ഒരു വെങ്കല ശിൽപ ക്യാമ്പ് കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. പഞ്ചലോഹ ശിൽപങ്ങൾ, തെയ്യത്തിനും മറ്റും ഉപയോഗിക്കുന്ന വെങ്കല രൂപങ്ങൾ ദീപസ്തംഭം തുടങ്ങി പരമ്പരാഗത രീതിയിലുള്ള പല ശില്പ രൂപങ്ങളും മുശാരി കോവിലിൽ നിർമ്മിച്ച് വരുന്നതായി അക്കാദമിയുടെ പ്രാഥമിക പഠനത്തിൽ മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ശിൽപ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു സ്ഥലങ്ങളിൽ നിന്നും സമാനമായ ആവശ്യം ഉന്നയിച്ചിരിക്കുന്നതിനാൽ ഇത് സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിന് കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുകയാണ്. |

സെക്ഷൻ ഓഫീസർ